# ഗവ.എൽ.പി.സ്കൂൾ. ഒറ്റപ്പുന്ന.

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## വിഷൻ 2025 - 2026




**നിർദ്ദേശം**

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

**കേരള സർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പ്**

**തയ്യാറാക്കിയത്**

**SRG,പിടിഎ ഗവൺമെന്റ് എൽപിഎസ് ഒറ്റപ്പുന്ന.**

# ഉള്ളടക്കം

1. ആമുഖം

2. സ്കൂൾ ചരിത്രം

3. സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

4. നിലവിലെ അവസ്ഥാവിശകലനം

5. പ്രശ്നങ്ങൾ, വെല്ലുവിളികൾ

6. പദ്ധതി രൂപീകരണ പ്രക്രിയ

7. വിഷയമേഖല- പ്രവർത്തനങ്ങൾ

ആമുഖം

കേരളത്തിൻ്റെ പൊതുവിദ്യാഭ്യാസ മേഖല വിപ്ലവത്തിന്റെ പാതയിലാണ്. കാലോചിതമായ മാറ്റങ്ങൾ വിദ്യാഭ്യാസ മേഖലയെ കൂടുതൽ ഊർജ്ജസ്വലമാക്കുന്നു .വിദ്യാഭ്യാസ അവകാശ നിയമമാണ് ഇതിൽ ഏറ്റവും ഉന്നതിയിൽ ഉള്ളത് .ഈ നിയമപ്രകാരം വിദ്യാഭ്യാസം അവകാശമായി മാറി. എല്ലാ വിഭാഗം കുട്ടികളും പഠനേട്ടംഉറപ്പിക്കുന്നതിന് വിദ്യാഭ്യാസ അവകാശ നിയമം മുൻഗണന നൽകുന്നു .ആറു മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ സമഗ്രവുമായി വിദ്യാഭ്യാസം നൽകുക എന്നതാണ് വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ലക്ഷ്യം. 'വ്യത്യസ്തമായ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലവും വ്യത്യസ്തമായി ശാരീരിക മാനസിക ഭൗതിക നിലവാരമുള്ള എല്ലാ കുട്ടികൾക്കും പഠിക്കാനും വിജയിക്കാനും സാധിക്കുമെന്ന് നമ്മൾ ഉറപ്പാക്കേണ്ടതുണ്ട്. പൊതു വിദ്യാഭ്യാസ മേഖലയെ ഉന്നത നിലവാരത്തിൽ എത്തിക്കാനുള്ള വിദ്യാഭ്യാസ മേഖലയുടെ പുതിയ സംരംഭമാണ് വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. ഈ പദ്ധതി ഒരു വൻ വിജയമാക്കുന്നതിന് നമ്മൾ ഓരോരുത്തർക്കും നമ്മുടെ സ്കൂളിനെ സജ്ജമാക്കുന്നതിനും രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും പരിശ്രമിക്കേണ്ടതുണ്ട്. ലോകം നമ്മുടെ പൊതു വിദ്യാലയങ്ങളെ ഉറ്റുനോക്കുന്ന അവസ്ഥയിലേക്ക് മാറണം. നമ്മുടെ കുട്ടികളുടെ പ്രതിഭ ലോകം വരുംകാലങ്ങളിൽ കണ്ടറിയുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

# ചരിത്രം

ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്ത് 8-ാം വാർഡിലാണ് ഈ സ്കൂൾ സ്ഥിതിചെയ്യുന്നത്. ചേർത്തല അരൂക്കുറ്റി റോഡിൽ നിന്നും തവണ ക്കടവിലേക്കു പോകുന്ന റോഡിന്റെ തെക്കുഭാഗവും വടക്കുംകര ക്ഷേത്രത്തിലേക്കു പോകുന്ന വടക്കുഭാഗവും ഉൾപ്പെടുന്നതാണ് 8-ാം വാർഡ് വേമ്പനാട്ടുകായലാണ്. കിഴക്കുഭാഗത്ത് ഒറ്റപ്പുന്ന കവലയിൽ നിന്നും 50 മീറ്റർ തെക്കുമാറി ചേർത്തല-അരൂക്കുറ്റി റോഡിനോട് ചേർന്നാണ് സ്കൂളിന്റെ സ്ഥാനം. ഗ്രാമപഞ്ചായത്തു കാര്യാലയത്തിൽ നിന്നും 100 മീറ്റർ അകലം മാത്രം.

1961 ജൂൺ 7-ന് ഈ സ്കൂൾ ഈ സ്ഥലത്ത് സ്ഥാപിതമായി. എസ്.എൻ.ഡി.പിയുടെ വക വാടക കെട്ടിടത്തിൽ സ്കൂൾ പ്രവർത്തിച്ചു. 1947-ൽ രൂപീകരിച്ച ചേന്നംപള്ളിപ്പുറം യുവജനസംഘം ~~847~~3136-ാം നമ്പർ തീറാധാരപ്രകാരം എൻ.എസ്.എസ്. കരയോഗത്തിലേക്ക് ലയിപ്പിക്കുകയും കരയോഗം 1,000/-രൂപ വില വാങ്ങിക്കൊണ്ട് സ്കൂൾ കമ്മറ്റിക്കുവേണ്ടി പ്രസിഡന്റിന്റെ പേർക്ക് തീറാധാരം ചെയ്തുകൊടുക്കുകയും ഉണ്ടായി. 1961 മുതൽ പ്രഥമാദ്ധ്യാപകനായിരുന്ന ശ്രീ.പി.വി.ജോൺ അവർകളുടെ ശ്രമഫലമായി ഈ സ്കൂൾ ഒരു ഗവൺമെന്റ് സ്ഥാപനമായി നിലനിർത്താൻ കഴിഞ്ഞു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു സംഘം നാട്ടുകാരുടെ ശ്രമഫലമായി 1963-ൽ ശ്രീമതി.കെ.ആർ.ഗൗരിയമ്മ ഈ സ്കൂളിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു. അങ്ങനെ

അഞ്ച് മുറികളുള്ള ഒരു സ്ഥിരം കെട്ടിടം നിർമ്മിക്കാൻ സാധിച്ചു. തുടർന്ന് കുട്ടികളുടെ എണ്ണം കൂടുകയും കൂടുതൽ കെട്ടിടങ്ങൾ നിലവിൽ വരികയും ചെയ്തു. 1997 മുതൽ കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായി എന്നാൽ 2005ൽ 2005 ചാർജർ പ്രഥമ അധ്യാപിക ശ്രീമതി റാണി ജോർജ് വിദ്യാലയ വികസനത്തെ കുറിച്ച് പഠിക്കാൻ സമൂഹത്തിന്റെ ശക്തമായ ഇടപെടല വഴിയൊരുക്കുകയും ചെയ്തു സ്കൂൾ സംരക്ഷണ സമിതി രൂപീകരിച്ചു 2006 പ്രൈമറി ക്ലാസുകൾ ആരംഭിച്ചു. സ്കൂൾ സംരക്ഷണ സമിതിയുടെയും എസ്.എം.സി.എം,പി.ടി.എ,എസ്. എസ്. ജി രാഷ്ട്രീയ പാർട്ടികൾ, സന്നദ്ധ സംഘടനകൾ, അധ്യാപകർ എന്നിവയുടെ ഫലമായി കുട്ടികളുടെ എണ്ണം വർദ്ധിപ്പിച്ചു.2015 ശ്രീമതി ഷാലിയമ്മ വർഗീസ് ചാർജ് എടുക്കുകയും റാണി ജോർജ് തുടങ്ങിവച്ച പ്രവർത്തനങ്ങൾ വളരെ ശക്തമായ രീതിയിൽ മുന്നോട്ടു കൊണ്ടുപോവുകയും തദ്ഫലമായി കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുകയും എല്ലാ ക്ലാസ്സുകളിലെ രണ്ട് ഡിവിഷൻ വീതം ആവുകയും ചെയ്തു സ്കൂൾ സമൂഹത്തിന് സംഭാവന ചെയ്തു ഒട്ടേറെ മഹദ് വ്യക്തിത്വങ്ങൾ ഉണ്ട് 2020 ൽ ശ്രീമതി ഗിരിജാമണി എച്ച് എം ഐ ചാർജെടുക്കുകയും പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോവുകയും ചെയ്തു 2022 പ്രമോദ് പികെ ചാർജെടുത്തു അക്കാദമിക കാര്യങ്ങൾ പൂർവാധികം ശക്തിയോടെ മുന്നോട്ടു കൊണ്ടുപോയി. 2025 ജൂണിൽ ശ്രീമതി. ശാലിനി.ഇ.പി പ്രഥമാധ്യാപികയായി ചാർജ് എടുക്കുകയും ടീച്ചറിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ മുന്നോട്ടു പോവുകയും ചെയ്യുന്നു.

## 3. സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

- സ്കൂളിൽ നിന്ന് പഠനം പൂർത്തിയാക്കി പോകുന്ന എല്ലാ കുട്ടികൾക്കും ഭാഷാപരവും ഗണിതശാസ്ത്രപരവുമായ അടിസ്ഥാനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
- കുട്ടികളിലെ സർഗ്ഗാത്മകശേഷികൾ കണ്ടെത്തി അവയുടെ പരിപോഷണം.
- കുട്ടികളുടെ അക്കാദമികമായ കഴിവുകൾ നിരന്തര പരിശീലനത്തിലൂടെ പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുന്നു.
- കുട്ടികളിൽ ICT പരിജ്ഞാനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.
- സ്കൂളിനെ പ്ലാസ്റ്റിക് വിമുക്ത അന്തരീക്ഷമാക്കി മാറ്റും.
- സ്കൂൾ സൗന്ദര്യവത്ക്കരണം.
- ~~നീന്തൽക്കുളം നിർമ്മാണം~~, കളിസ്ഥലം സജ്ജീകരിക്കുക.
- കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കൽ
- ജൈവ പച്ചക്കറികൃഷി വിപുലമാക്കൽ
- മാലിന്യ സംസ്ക്കരണ പ്ലാന്റ് നിർമ്മാണം
- ആധുനിക സംവിധാനങ്ങളോട് കൂടിയ പാചകപ്പുര
- വായന പരിപോഷണ പരിപാടി.
- കായികവിദ്യാഭ്യാസത്തിന് പ്രാധാന്യം.
- ഇംഗ്ലീഷ്, ഹിന്ദി ഭാഷ വികസന പദ്ധതികൾ നടപ്പിലാക്കൽ.

- ഇ-ടോയ്‌ലറ്റുകൾ സ്ഥാപിക്കുക.
- ലൈബ്രറി, ലാബ് എന്നിവയുടെ സജ്ജീകരണം.
- ഇരിപ്പിട സൗകര്യങ്ങളോടുകൂടി ഡൈനിംഗ് ഹാൾ
- ~~അസംബ്ലി ഹാൾ~~
- ~~മനോഹരമായ പ്രവേശന~~ കവാടം
- ജൈവ വൈവിധ്യ പാർക്ക്
- സ്കൂൾ ഗാർഡൻ, ഔഷധത്തോട്ടം, ഹൈ-ടെക് ക്ലാസ്സ് മുറികൾ
- സ്മാർട്ട് ക്ലാസ്മുറികൾ
- ആധുനിക സൗകര്യങ്ങളോട് കൂടിയ സ്റ്റേജ്

# 4. നിലവിലെ അവസ്ഥാവിശകലനം

ചേർത്തല സബ്ബ് ജില്ലയിലെ മികച്ച ഒരു എൽ.പി.സ്കൂൾ ആക്കുക എന്ന ലക്ഷ്യത്തോടെ മുഴുവൻ കുട്ടികളുടെയും പഠനപുരോഗതിക്കായി വിവിധ തരത്തിലുള്ള വിദ്യാലയ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1 മുതൽ 4 വരെയുള്ള എല്ലാ കുട്ടികൾക്കും (IED ഒഴികെ) ഭാഷാപഠനത്തിന് എഴുത്തും വായനയും നേടുക എന്ന ലക്ഷ്യത്തോടുകൂടി 'അക്ഷരക്കളരി, മണ്ണെഴുത്ത്'എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇംഗ്ലീഷ് ഭാഷാപഠനത്തിന് "സ്പെഷ്യൽ ഇംഗ്ലീഷ് പഠനം". കലാകായിക പ്രവൃത്തി പരിചയപ്രവർത്തനങ്ങൾ, ഹിന്ദിപഠനം, G.K, എന്നിവയ്ക്ക് പ്രത്യേക പരിശീലനവും നടത്തിവരുന്നു. കുട്ടികളുടെ സർഗവാസനകളെ പരിപോഷിപ്പിക്കുന്നതിന് വിദ്യാരംഗം കലാസാഹിത്യ വേദി വളരെ കാര്യക്ഷമമായി നടത്തിവരുന്നു.

15 വർഷം കൊണ്ട് ധാരാളം നേട്ടങ്ങൾ സ്കൂളിന് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. രാഷ്ട്രീയ പാർട്ടികളുടെ സഹായത്തോടെ സ്കൂൾ കോമ്പൗണ്ടിലൂടെയുള്ള പൊതുവഴി ഒഴിവാക്കി എം.എൽ.എയുടെ സഹായത്തോടെ ചുറ്റു മതിൽ പൂർത്തീകരിച്ച് കവാടമുണ്ടാക്കി ഗെയ്റ്റ് സ്ഥാപിച്ചു. കൂടാതെ 7 ലാപ് ടോപ്പുകളും 2 പ്രൊജക്ടറും ഐ.ടി @ സ്കൂളിന്റെ പൈലറ്റ് പദ്ധതിയിലുൾപ്പെടുത്തി ലഭിക്കുകയുണ്ടാറ്കി. അതിനോടനുബന്ധിച്ച് ക്ലാസ്സ് റൂമുകളെല്ലാം ഹൈടെക് നിലവാരത്തിലേക്കെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗ മിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ ജനാലകൾക്ക് അഴികൾ ഇട്ട് സാമൂഹ്യ വിരുദ്ധശല്യം ഒഴിവാക്കി. ഉച്ചഭക്ഷണ സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള

അരിപ്പെട്ടി, കുട്ടികളുടെ ശാരീരിക ഘടനയ്ക്കനുസരിച്ചുള്ള ബഞ്ച്, ഡസ്ക്, ആഫീസ് രേഖകൾ സൂക്ഷിക്കുവാനുള്ള അലമാരകൾ, മേശകൾ, സ്കൂൾ ആവശ്യത്തിനുള്ള കസേരകൾ, പ്രാവിന്റെ ശല്യം ഒഴിവാക്കുന്ന തിനായിട്ട് പലക ഉപയോഗിച്ചുള്ള ക്രമീകരണങ്ങൾ, മൈക്ക്സെറ്റ്, കറണ്ട് ചാർജ്ജ് തുടങ്ങിയവ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുകയുണ്ടായി. എസ്..എസ്.എയുടെ ഭാഗത്തുനിന്ന് ടോയ്‌ലറ്റുകൾ, യൂറിനലുകൾ, മഴവെള്ളസംഭരണികൾ, സെപ്പറേഷൻ മാളുകൾ, ഇലക്ട്രിഫിക്കേഷൻ സൗകര്യങ്ങൾ, വർഷം തോറുമുള്ള മെയിന്റനൻസ് ഗ്രാന്റ് എന്നിവ ഇന്ന് സ്കൂളിനെ അത്യാകർഷക മാക്കിയിരിക്കുകയാണ്. പ്രീ-പ്രൈമറിക്കാവശ്യമായ കളിഉപകരണങ്ങളും എസ്.എസ്.എ വഴി ലഭിക്കുന്നു. എം.എൽ.എ ഫണ്ടിൽ നിന്നും സ്കൂൾ വാഹനവും പ്രൊജക്ടറും ലാപ്ടോപ്പും ലഭിക്കുകയുണ്ടായി. കൂടാതെ ബി.എസ്.എൻ.എൽ. ബ്രോഡ് ബാന്റ് കണക്ഷനും സ്കൂളിനെ മികവുറ്റതാക്കുന്നു.

മേജർ വർക്കിന്റെ ഭാഗമായി ലഭിച്ച ഡൈനിംഗ് ഹാൾ പഞ്ചായത്തിന്റെ സഹരണത്തോടെ ടൈൽ പാകി സുന്ദരമാക്കി. എല്ലാ ക്ലാസ്മുറിയിലും ആകർഷകമായ ലൈബ്രറികൾ കുട്ടികളുടെ വായനാശീലം ഉയർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. സ്കൂൾ മുറ്റം ആകർഷകമായ രീതിയിൽ ക്രമീകരിച്ചിട്ടുള്ള പൂന്തോട്ടം എന്നിവ പ്രധാന ഭൗതീക സാഹചര്യങ്ങളാണ്.

ഒപ്പം Stars പദ്ധതിയിൽ ഉൾപ്പെടുത്തി വർണ്ണക്കൂടാരം പ്രീപ്രൈമറി പഠനം സുഗമമാക്കും രസകരവുമാക്കി മാറ്റുന്നതിനായി 2023-24 വർഷം നടപ്പിലാക്കി.

കുട്ടികളുടെ എണ്ണം

| | | | |
|---|---|---|---|
| പ്രീ.പ്രൈമറി | 25 | 25 | 50 |
| ക്ലാസ്. 1 | 22 | 19 | 41 |
| ക്ലാസ്. 2 | 15 | 19 | 34 |
| ക്ലാസ്. 3 | 24 | 11 | 35 |
| ക്ലാസ്. 4 | 24 | 17 | 41 |

## അധ്യാപക അനധ്യാപക ജീവനക്കാർ

| | |
|---|---|
| ശാലിനി. ഇ.പി | പ്രഥമാധ്യാപിക |
| ആശാമണി’സി | എൽ.. പി. എസ്. റ്റി. |
| മേരി നിമ്മി ജയിംസ് | എൽ. പി. എസ് .റ്റി. |
| സ്മിത കെ.സി | എൽ .പി.എസ്.റ്റി. |
| അന്ന പ്രിയ. കെ | എൽ .പി എസ്.റ്റി |
| ഷൈമ മാ ത്യൂ | എൽ.പി.എസ്.റ്റി |
| ജ്യോതി എൽ | എൽ പി എസ് റ്റി |
| അയോണി മേരി ജോർജ് | എൽ.പി.എസ്.റ്റി |
| വിദ്യ മോൾ | പ്രീ പ്രൈമറി ടീച്ചർ |
| രമാദേവി | പ്രീ പ്രൈമറി ടീച്ചർ |
| ബിന്ദു | പ്രീ.പ്രൈമറി അയ |
| വിമല. വി.ആർ | പി.റ്റി.സി. എം |

## 5. പ്രശ്നങ്ങൾ– വെല്ലുവിളികൾ

സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ പുരോഗതിക്ക് തടസ്സമായി നിൽക്കുന്ന നിരവധി ഘടകങ്ങളാണ്

സ്കൂളിന്റെ ചുറ്റുവട്ടത്തുള്ള മൂന്ന് അൺഎയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനം നമ്മുടെ സ്കൂൾ നേരിടുന്ന വെല്ലുവിളികളിൽ ഏറ്റവും മുഖ്യമായ ഒന്നാണ്. കുട്ടികളെ ആകർഷിക്കുവാൻ ഉതകുന്ന രീതിയിലുള്ള ക്ലാസ്സ് മുറികളുടെ പോരായ്മ, കലാകായിക വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഒരുക്കുന്നതിനുവേണ്ട സജ്ജീകരണങ്ങളുടെ അപര്യാപ്തത, സ്ഥലപരിമിതി, സ്കൂൾ വാഹനത്തിന്റെ നടത്തിപ്പിൽ അനുഭവിക്കുന്ന സാമ്പത്തിക ക്ലേശം, സ്കൂളിന് മുൻവശത്തുള്ള അനധികൃത വാഹനപാർക്കിംഗ്. ~~കുടിവെള്ള ശുദ്ധീകരണത്തിനുള്ള സംവിധാനത്തിന്റെ~~ അപര്യാപ്തത, പാചകപ്പുരയുടെ ശോചനീയാവസ്ഥ, കുട്ടികളുടെ കുടുംബങ്ങളിലെ ചില അവസ്ഥാവിശേഷങ്ങൾ, രക്ഷിതാക്കളുടെ മനോഭാവങ്ങൾ എന്നിവ ഇന്ന് സ്കൂൾ നേരിടുന്ന വെല്ലുവിളികളിൽ പ്രധാനപ്പെട്ടവയാണ്.

ആധുനിക സാങ്കേതിക വിദ്യ അദ്ധ്യാപനത്തിൽ പ്രയോജനപ്പെടുത്തുവാനുതകുന്ന സ്മാർട്ട് ക്ലാസ്സ് മുറികൾ, കായിക വിദ്യാഭ്യാസത്തിനും കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ, കുടിവെള്ള സംസ്ക്കരണം, മികച്ച അദ്ധ്യാപനം തുടങ്ങി പൊതുസമൂഹത്തിന് വിദ്യാലയത്തോടു മമത തോന്നുന്ന മാറ്റങ്ങൾ നമ്മുടെ വിദ്യാലയത്തെ മികവുറ്റതാക്കുമെന്ന കാര്യത്തിൽ തർക്കമില്ല.

# പദ്ധതി രൂപീകരണ പ്രക്രിയ

സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് മുന്നോടിയായി എസ്.ആർ.ജി യോഗം വിളിച്ചുകൂട്ടുകയും അദ്ധ്യാപകരുമായി ഓരോ മേഖലയെ കുറിച്ചുമുള്ള അഭിപ്രായങ്ങൾ ആരായുകയും അവസ്ഥ വിശകലനം നടത്തുകയും ചെയ്തു. 2025 വരെ കണക്കിൽ എടുത്ത് സ്കൂളിന് വരേണ്ട അക്കാദമിക ഭൗതിക മാറ്റങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക, ചർച്ച ചെയ്ത് അഭിപ്രായ രൂപീകരണം നടത്തിയ കാര്യങ്ങൾ സ്കൂൾ മാനേജ്മെന്റ് എക്സിക്യൂട്ടീവ് കമ്മറ്റിയിൽ ചർച്ച ചെയ്തു. പുതിയ ചിലകൂട്ടിച്ചേർക്കലുകൾകൂടിനടത്തി എസ്.എം.സി ചെയർമാന്റെയും എക്സിക്യൂട്ടീവ് അംഗങ്ങളും സജീവമായി ചർച്ചയിൽ പങ്കെടുത്തു. പൂർവ്വവിദ്യാർത്ഥി പ്രതിനിധികളുടെ കമ്മറ്റിയിൽ അവതരിപ്പിച്ച് കരട്പദ്ധതിക്ക് രൂപം നൽകി .കരട് പദ്ധതി വീണ്ടും എസ്.ആർ.ജി, എസ്.എം.സി, , എസ്.എസ്.ജി ഗ്രൂപ്പുകളിൽ അവതരിപ്പിച്ച് വേണ്ടമാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും നടത്തി അന്തിമ രൂപം നൽകി.

# 7. വിഷയ മേഖല- പ്രവർത്തനങ്ങൾ

**അക്കാദമികം - മലയാളം** ക്ലാസ് - 1

| പ്രോഗ്രാം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| അക്ഷരക്കളരി | ◆ പിന്നോക്കംനിൽക്കുന്ന കുട്ടികളെ കണ്ടെത്തൽ<br>◆ അക്ഷരം ഉറപ്പിക്കൽ<br>◆ ചിഹ്നങ്ങൾ മനസ്സിലാക്കൽ<br>◆ വാക്കുകൾ എഴുതിയ കാർഡ് നൽകൽ<br>◆ അക്ഷരം തിരിച്ചറിയൽ<br>◆ പുതിയ വാക്കുകൾ നിർമ്മിക്കൽ<br>◆ ICT ഉൾപ്പെടുത്തി ചിത്രം- വാക്യം എഴുതൽ<br>◆ ചിത്രം പ്രദർശിപ്പിക്കൽ-കഥ എഴുതൽ<br>◆ പിന്നോക്കക്കാർക്ക് മണ്ണെഴുത്ത് (IED) | 3 മാസങ്ങൾ | പുസ്തകങ്ങൾ<br>IT | BRC<br>PTA<br>DIET |
| കുട്ടിപ്പത്രം തയ്യാറാക്കൽ | ◆ മാസത്തിൽ ഒരു പത്രം | | | |

| പ്രോഗ്രാം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- |
| കുഞ്ഞുവായന | ◆ വായനക്കൂട്ടം രൂപീകരണം<br>◆ വായനമൂല<br>◆ ക്ലാസ് ലൈബ്രറി<br>◆ അസംബ്ലിയിൽ വായന<br>◆ പത്രവായന<br>◆ സ്കൂൾ ലൈബ്രറി നവീകരണം<br>◆ ആസ്വാദനക്കുറിപ്പ്<br>◆ പതിപ്പ് നിർമ്മാണം<br>◆ സ്കൂൾ ബാലസഭ<br>◆ ദിനാചരണങ്ങൾ<br>◆ ഇ- വായന | 8 മാസങ്ങൾ | ക്ലാസ്സ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രം, ആനുകാലികം<br>ബാലസഭ<br>ICT | BRC<br>DIET<br>SCERT<br>PTA<br>BRC |

| | | | | |
|---|---|---|---|---|
| സർഗ്ഗസന്ധ്യ | ◆ വിജയികൾക്ക് ആദരം<br>◆ യോഗപരിശീലനം<br>◆ നൃത്തപരിശീലനം<br>◆ ചിത്രരചനയിൽ പ്രാവീണ്യം നേടുന്നതിനുള്ള പ്രത്യേക പരിശീലനം<br>◆ നാടൻപാട്ട് പരിശീലനം | | | ആർട്സ് ക്ലബ്ബ്<br>കലാധ്യാപകൻ |
| പത്രവായന | ദിവസവും ക്ലാസിൽ പത്ര വായന. | ജൂൺ – മാർച്ച് | | ജൂൺ – മാർച്ച്<br>ക്ലാസ് ടീച്ചർ |

| പ്രോഗ്രാം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| | • കഥപറയൽ<br>• കവിത ചൊല്ലിക്കൽ<br>• റോൾ പ്ലേ<br>• സ്കിറ്റ് | | | |
| ഗണിതം | | | | |
| ഗണിതം മധുരം | • ഗണിതപഠനം സുഗമമാക്കുവാനുള്ള പഠന പ്രവർത്തനങ്ങൾ സജ്ജമാക്കൽ<br>• അബാക്കസ്<br>• പസ്സിൽസ്<br>• ജ്യോമെട്രിക്കൽ പാറ്റേണുകൾ<br>• ജ്യാമിതി രൂപങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഗണിതപാർക്ക് ഒരുക്കൽ<br>• ഗണിതലാബ് സജ്ജമാക്കൽ | | | ഗണിത ക്ലബ്ബ്<br>PTA |